## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 428 — 6.3.2012-ൽ മറുപടിക്ക്.

### ശ്രീമതി ജയഗീതയെ ട്രെയിനിൽ വച്ച് അപമാനിച്ചവർക്കെതിരായ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | യുവകവയിത്രി ശ്രീമതി ജയഗീതയെ ചെന്നൈ സൂപ്പർ ഫാസ്റ്റ് ട്രെയിനിൽ വച്ച് ടി.ടി.ഇ. മാർ മാനസികമായി പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ടി.ടി.ഇമാർക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | (ബി) | ടി.ടി.ഇ മാർക്കെതിരെ ജി.ആർ.പി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. അന്വേഷണ റിപ്പോർട്ട് ലഭിച്ച ശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്. |
| (സി) | ശിക്ഷാനടപടികൾ പിൻവലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്താണ്; | (സി) | ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) | വനിതയെ അപമാനിച്ച ടി.ടി.ഇമാർക്കെതിരെ വകുപ്പുതലത്തിലും അല്ലാതെയും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്ന് വെളിപ്പെടുത്താമോ? | (ഡി) | പരാതി ലഭിച്ച ദിവസം തന്നെ റെയിൽവേയുടെ നിർദ്ദേശ പ്രകാരം പോലീസ് തലത്തിൽ അന്വേഷണം ആരംഭിച്ചു. വകുപ്പ് തലത്തിൽ മൂന്നംഗ കമ്മിറ്റി സംഭവത്തെക്കുറിച്ച് അന്വേഷിച്ചു വരുന്നു. മേൽപറഞ്ഞ അന്വേഷണ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ് എന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ